# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അയിരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ P8-275/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/04/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ P8-275/21 തീയ്യതി: 23/04/2021

# പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 19-03-2021 | 31-03-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 30-03-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അനിൽ മാത്യു എപ്പെ്(ഓഡിറ്റ് ഓഫീസർ -ഹയർ ഗ്രേഡ്)
ഹരികുമാർ.ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ലേഖ ജനാർദ്ദനൻ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
അശ്വതി.വി.നായർ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റ്റി.റ്റി.തോമസ്കുട്ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.എ.ജി.അനിൽകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹരികുമാർ. ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ.ജയൻ.ഡി.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീമതി.ജോൺസി ജോർജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 28-07-2019 |
| ശ്രീമതി.അനിത.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2019 | 31-03-2020 |
| ശ്രീമതി.ഉഷ.കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സൂസൻ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ഹരികൃഷ്ണൻ ബി | മെഡിക്കൽ ഓഫീസർ -അലോപ്പതി | 01-04-2019 | 06-03-2020 |
| ഡോ.അജിത.പി | മെഡിക്കൽ ഓഫീസർ -അലോപ്പതി | 06-03-2020 | 31-03-2020 |
| ഡോ.പ്രഭാത്.എ | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2019 | 30-07-2019 |
| ഡോ.നെബു.പി.മാത്യു(ചാർജ്) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 31-07-2019 | 24-11-2019 |
| ഡോ.ബി.രാജശ്രീ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 25-11-2019 | 31-03-2020 |
| ശ്രീമതി.വിദ്യ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.അജി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് 1 | 01-04-2019 | 09-07-2019 |
| ശ്രീ.ശ്യാംകുമാർ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് 1 | 10-07-2019 | 31-03-2020 |
| ശ്രീമതി.രമ്യമോൾ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് II | 01-04-2019 | 09-07-2019 |
| ശ്രീമതി.അഖില.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് II | 10-07-2019 | 31-03-2020 |
| ശ്രീമതി സി.ശ്യാമലത | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 02-06-2019 |
| ശ്രീമതി ലളിത.പി.ബി | ഹെഡ് മിസ്ട്രസ്സ് | 03-06-2019 | 23-08-2019 |
| ശ്രീമതി മേരി ഹെലൻ | ഹെഡ് മിസ്ട്രസ്സ് | 24-08-2019 | 31-03-2020 |
| ശ്രീ.ജോർജ്.വി.തോമസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-13 |
| 14 | സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 15 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-15-1 |
| 16 | റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-15-2 |
| 17 | തൊഴിൽനികുതി പിരിവ് -അപാകതകൾ | 1-15 |
| 18 | ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-16 |
| 19 | ലൈസൻസ് അനുമതി - ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-17 |
| 20 | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല | 1-18 |
| 21 | ലൈഫ് മിഷൻ ഭവന നിർമ്മാണം - പണി പൂർത്തികരിച്ചില്ല | 1-19 |
| 22 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 23 | പത്രപ്പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-21 |
| 24 | വെള്ളക്കരം കുടിശ്ശിക പഞ്ചായത്തിന് ബാദ്ധ്യതയാകുന്നു | 1-22 |
| 25 | എൻ.ആർ.ഇ.ജി.എസ്എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-23 |
| 26 | പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 01.03.2019-ലെ 1( 1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത് 30.03.2020 ലെ 1( 1)-ാം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.05.2020 | തിരിച്ചയച്ചിട്ടില്ല | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14067931 |
| വരവ് | 50162973 |
| ആകെ | 64230904 |
| ചെലവ് | 46406681 |
| നീക്കിയിരിപ്പ് | 17824223 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ക്യൂ-ബില്ലുകളുടെ തുക | ചെലവ് | സി.ബി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14308733 | 14308733 | 188725 | 9781644 | 4338364 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3266294 | 3266294 | 650000 | 2308809 | 307485 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 92000 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8194000 | 8194000 | 2282604 | 5911396 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3687000 | 3687000 | 188725 | 1565489 | 1932786 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9584363 | 9584363 | 3601605 | 5318539 | 664219 |
| സാക്ഷരത | | 19600 | 3740 | 23340 | | 0 | 23340 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 11606068 | 11606068 | | 11606068 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3459 | 506873 | 510332 | | 339339 | 170993 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (എെ.സി.ഡി.എസ്-കേന്ദ്ര വിഹിതം) | | 253839 | 667858 | 921697 | | 643873 | 277824 |
| (പൈക്ക) | | 370000 | 0 | 370000 | | 0 | 370000 |
| ടോട്ടൽ സാനിറ്റേഷൻ ക്യാമ്പെയിൻ | | 525550 | 0 | 525550 | | 0 | 525550 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| ശുചിത്വ മിഷൻ | | 1843080 | 160000 | 2003080 | | 115000 | 1888080 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5998796 | 9505645 | 15504441 | | 3557078 | 11947363 |
| | ട്രഷറി അക്കൗണ്ട് | 6552858 | 9992656 | 16545513 | | 13674110 | 2871404 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 77351461 | 232 | 31211212 | 0 | 83 | 149 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3459 | 506873 | 510332 | 339339 | 170993 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11606068 | 11606068 | 11606068 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

**ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 113 | 734400 |
| വാർദ്ധക്യകാല പെൻഷൻ | 2248 | 8093400 |
| വിധവാ പെൻഷൻ | 794 | 2815200 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 31 | 106200 |
| വികലാംഗ പെൻഷൻ | 288 | 992600 |
| തൊഴിൽ രഹിത വേതനം | 1 | 960 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-03-2021തീയതിയിൽ 03.30 PMന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 61020/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുചെലവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നതിനും ചെലവുവൗച്ചറുകൾ സൂക്ഷിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ഇപ്രകാരം പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും യഥാവിധി നിർവ്വഹിക്കുന്നതിനും, ധനയിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനുമായി ശക്തമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/09/2019 | 04/19 To 08/2019 | 23/09/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6/12/2017 | 2013-14 മുതൽ 2016-17 വരെ | 22/01/2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. രജിസ്റ്റർ പ്രകാരം ലൈസൻസ് ഫീസ് ഫോർ ഡി&ഒ യുടെ തൻവർഷ വരവ് 109750 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിൽ തൻ വർഷ വരവ് 118600 രൂപയും (RP-43) അഡ്വാൻസ് കളക്ഷൻ 13000 രൂപയും (B9) ഉൾപ്പടെ 131600 രൂപയാണ് .

. ഷെഡ്യൂൾ I(8) ൽ നൽകിയിരിക്കുന്ന പലിശ വരവ് ഏതൊക്കെ ഫണ്ടിനങ്ങളിൻമേലുള്ള പലിശയാണന്ന കണക്ക് കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

. ഷെഡ്യൂൾ I-14(A) ഡീസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം (സർവ്വീസ് സെക്ടർ) RP-16 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. ടി വ്യത്യാസം ബന്ധപ്പെട്ട ലഡ്ജറുകളുമായി പരിശോധിച്ച് റിക്കൺസൈൽ ചെയ്ത് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

. ഷെഡ്യൂൾ I-14(B) എനർജി ഇലക്ട്രിഫിക്കേഷൻ, സ്ട്രീറ്റ് ലൈറ്റ്സ്(ജനറൽ-252100101) എന്ന ഹെഡ്ഡിൽ നൽകിയിരിക്കുന്ന തുക RP17 (252100101) എന്ന ഹെഡ്ഡിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ബന്ധപ്പെട്ട ലെഡ്ജറുകളുമായി വ്യത്യാസം റിക്കൺസൈൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

. വാർഷിക ധനകാര്യ പത്രിക പ്രകാരം ഷെഡ്യൂൾ B7 ൽ തിരികെ നൽകാൻ ബാക്കി നിൽക്കുന്ന വിവിധ ഡെപ്പോസിറ്റുകളുടെ ബാലൻസ് തുകകളുടെ ലെഡ്ജർ പ്രകാരമുള്ള ബാലൻസ് ഡെപ്പോസിറ്റ് രജിസ്റ്ററിലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിലെ എൻട്രികൾ കൃത്യമാക്കേണ്ടതാണ്

. RP-10 ഷെഡ്യൂളിൽ ഓഡിറ്റ് റിക്കവറി ബെയിസ്ഡ് ഓൺ ചാർജ് സർട്ടിഫിക്കറ്റ് എന്ന ഇനത്തിൽ കാണിച്ചിരിക്കുന്ന 24964 രൂപ ഹെഡ്ഡ് മാറി അക്കൗണ്ട് ചെയ്തതാണ്. അധികമായി കൈപ്പറ്റിയ അരിയർ തുക തിരികെ ഒടുക്കിയതാണ് ഇത്. ആയത് കൃത്യമായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

. ലഭ്യമാക്കിയ KURDFC ലോൺ തിരിച്ചടവ് രേഖകൾ പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിനിൽക്കുന്ന ലോൺ തുക 4941911 രൂപയാണ്. ടി തുക ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ (Secured Loans) ൽ നൽകിയിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, "ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100 ചതുരശ്രമീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയസോഫ്റ്റ്വെയർ പരിശോധിച്ചതിൽ, ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ താഴെപ്പറയുന്ന ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

<u>അടിസ്ഥാന വസ്തു നികുതി നിരക്ക് -</u>

(വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ)

നിരക്ക്- 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ - 45 രൂപ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവ - 60 രൂപ

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | ജോർജ് തോമസ് & റൂബി ജോർജ് കക്കുറുമ്പിൽ തടിയൂർ | 1/367 J | 52.06* | 45 | 60 |
| | * ഇതേ ഉടമസ്ഥതയിലുള്ള 367A(47.35ച.മീ), 367B(19.68ച.മീ), 367C(57.27ച.മീ), 367D(171.26ച.മീ), 367E(71.29ച.മീ), 367K(38.29ച.മീ) എന്നീ വാണിജ്യകെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിൽ നികുതി ഈടാക്കിയിട്ടുണ്ട്. | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | വി.ഗിരിലാൽ ഗീതാ ഭവൻ ഇടപ്പാവൂർ | 8/287 G | 88 | 45 | 60 |
| | | 8/287 H | 16 | | |
| | | 8/287 I | 14 | | |
| | **ആകെ** | | **118 ച.മീ** | | |
| 3 | പ്രസിഡന്റ് എൻ.എസ്.എസ്. പ്രാദേശിക യൂണിയൻ അയിരൂർ | 13/562 A | 35.78 | 45 | 60 |
| | | 13/562 B | 35.78 | | |
| | | 13/562 C | 35.78 | | |
| | | 13/562 D | 35.78 | | |
| | | 13/562 E | 35.78 | | |
| | **ആകെ** | | **178.9 ച.മീ** | | |
| 4 | സുനിൽകുമാർ ആർ ടെക് ഹൈറ്റ്സ് കാഞ്ഞീറ്റുകര | 16/435 C | 88.19* | 45 | 60 |
| | * ഇതേ ഉടമസ്ഥതയിലുള്ള 16/435D (98ച.മീ) എന്ന വാണിജ്യകെട്ടിടത്തിന് 60 രൂപ നിരക്കിൽ നികുതി ഈടാക്കിയിട്ടുണ്ട്. | | | | |

ഇപ്രകാരം കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി ഈടാക്കിയതിനുള്ള വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11 / 29.03.2021) മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങൾക്ക് 60രൂപ നിരക്കിൽ നികുതി പുനർ നിർണ്ണയിച്ച് വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 4 ടവറുകൾ 2020 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. ശേഷിക്കുന്നവയിൽ രണ്ടെണ്ണം 2018 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. മറ്റ് രണ്ട് മൊബൈൽ ടവറുകളിൽ 5/348 (വോഡാഫോൺ) ഡിമോളിഷ് ചെയ്തതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 12/90 A (വിഷ്നെറ്റ്) യുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | വാർഷിക വസ്തുനികുതി തുക (രൂ) | നികുതി ഈടാക്കാനുള്ളതിന്റെ വിവരം (സഞ്ചയ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | സോഫ്റ്റ്വെയർ പ്രകാരം) |
| 1 | വിഷ്നെറ്റ് | 12/90 A | 41.9 | 21684 | 2014മുതൽ ഈടാക്കിയിട്ടില്ല |
| 2 | റിലയൻസ് | 13/23 | 41.27 | 28478 | 2019 മുതൽ ഈടാക്കിയിട്ടില്ല |
| 3 | ഇന്ത്യാ ടെലികോം ഇൻഫ്രാ ലിമിറ്റഡ് | 15/160 A | 41.12 | 21281 | 2019 മുതൽ ഈടാക്കിയിട്ടില്ല |

ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/29.03.2021) ക്രമ നമ്പർ 1 ന് ഓൺലൈൻ ആർ.ആർ നോട്ടീസ് നൽകിയിട്ടുള്ളതായും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 2 ന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 3 പ്രകാരമുള്ള മൊബൈൽ ടവറുമായി ബന്ധപ്പെട്ട കേസ് നടക്കുന്നതിനാൽ നികുതി ഈടാക്കാൻ നിലവിൽ സാധിക്കുന്നില്ല എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | നീതിസ്റ്റോർ, പുത്തേഴം | രണ്ടാം അർദ്ധവർഷം |
| 2 | നീതിസ്റ്റോർ, വെള്ളിയറ | രണ്ടാം അർദ്ധവർഷം |
| 3 | നീതിസ്റ്റോർ, കൈതക്കോടി | രണ്ടാം അർദ്ധവർഷം |
| 4 | അയിരൂർ ഫിറ്റ്നസ് സെന്റർ | രണ്ടാം അർദ്ധവർഷം |
| 5 | ജ്യോതിസ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15-1 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ്, അയിരൂർ | രണ്ടാം അർദ്ധവർഷം |
| 2 | ഓഷ്യാനോസ്പ്രിംഗ്, അയിരൂർ | രണ്ടാം അർദ്ധവർഷം |
| 3 | ജ്യോതിസ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/27.03.2021) ടി സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15-2 റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള 16 റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/27.03.2021) ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതായി

സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതും സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനത്തിലെ തൊഴിലാളികളുടെ വരുമാനം സംബന്ധിച്ച് റിട്ടേൺ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന മേൽനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 തൊഴിൽനികുതി പിരിവ് -അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ആയത് പാലിക്കുന്നതിൽ ഓഡിറ്റ് വർഷം ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-16 ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2019-20 വർഷം ലൈസൻസ് എടുത്തിട്ടുള്ള 188 സ്ഥാപനങ്ങളിൽ 12 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. യഥാസമയം ലൈസൻസ് പുതുക്കാത്തതുമൂലം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം സംജാതമാകുന്നു. ഇത് നിയമവിരുദ്ധമായണ്. ആയതിനാൽ വ്യാപാര/ വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 ലൈസൻസ് അനുമതി - ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റമെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രുപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

2019-20 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചട്ടത്തിലെ ഭേദഗതി പ്രകാരമുള്ള ലൈസൻസ് അനുവദിക്കുകയോ പട്ടിക 2 പ്രകാരമുള്ള പുതിയ ഫീസ് നിരക്ക് ഈടാക്കുകയോ ചെയ്തിട്ടില്ല. ഒരു ദിവസത്തെ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. മിക്ക അപേക്ഷകളിലും പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തുകയോ സെക്രട്ടറിയുടെ തീരുമാനം സംബന്ധിച്ച രേഖപ്പെടുത്തലുകളോ ഇല്ല.

മേൽ സാഹചര്യത്തിൽ ഭേദഗതി പ്രകാരമുള്ള പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കി, ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-18 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന മൊബൈൽടവറുകളോട് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി, മൊബൈൽ ടവർ ഉടമകളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണ്ടതാണ്.

| ക്രമ നം | മൊബൈൽടവറുകളുടെടെ പേര് | കെട്ടിടനം/ വാർഡ് |
|---|---|---|
| 1 | ഇൻഡസ് ടവർ ലിമിറ്റഡ് | II/I C |
| 2 | ഐഡിയാ മൊബൈൽ കമ്മ്യൂണിക്കേഷൻ | V/346 |
| 3 | വോഡഫോൺ എസ് ആർ സെല്ലാർ ലിമിറ്റഡ് | V/348 |
| 4 | ഇൻഡസ് ടവർ ലിമിറ്റഡ് | X/205 A |
| 5 | വിഷ്നെറ്റ് വയർലെസ് ലിമിറ്റഡ്. എയർസെൽ | XII/90 A |
| 6 | ഐഡിയാ മൊബൈൽ കമ്മ്യൂണിക്കേഷൻ | XII/199 |
| 7 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | XIII/23 |
| 8 | ഇൻഡ്യാ ടെലികോം ഇൻഫ്രാ ലിമിറ്റഡ് | XV/160A |

## 1-19 ലൈഫ് മിഷൻ ഭവന നിർമ്മാണം - പണി പൂർത്തികരിച്ചില്ല

പ്രോജക്റ്റ് നം- 171/20

അടങ്കൽ- 3880000

ചെലവ്-144000
നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) പദ്ധതി പ്രകാരം 400000 രൂപ വച്ച് 26 പേർക്ക് ഭവന നിർമാണത്തിനായി 2018-19 ൽ പദ്ധതി ആസൂത്രണം ചെയ്തിരുന്നതാണ്. എന്നാൽ നാലു ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തതിനാൽ 2019-20 വർഷം സ്പിൽ ഓവറായി പദ്ധതി വീണ്ടും ആവിഷ്ക്കരിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് താഴെപ്പറയും പ്രകാരം രൂപ അവരവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പേരും അഡ്രസ്സും | തുക |
|---|---|---|
| 1 | സാലി എം കെ , മുതുപാലക്കൽ, തടിയൂർ | 360000 |
| 2 | ലീലാമ്മ പത്തായപ്പാറ, കാഞ്ഞീറ്റുകര | 300000 |
| 3 | കുഞ്ഞൂഞ്ഞമ്മ കരിപ്ളാനിൽ, വെള്ളിയറ | 300000 |
| 4 | ഉഷ ആലപ്പാട്, വെള്ളിയറ | 40000 |

മേൽ ഗുണഭോക്താക്കളിൽ ഉഷ ആലപ്പാട്, വെള്ളിയറ എന്ന വ്യക്തിക്ക് വീടുപണി പൂർത്തികരിക്കുവാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അഡ്വാൻസ് തുകയായ 40000 തിരിച്ചടക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടിയാളിൽ നിന്നും ടി തുക തിരികെ ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അവശേഷിക്കുന്ന ഗുണഭോക്താക്കൾ വീടുപണി പൂർത്തികരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓരോ വാർഡിലും ഏതൊക്കെ ഇലക്ട്രിക് പോസ്റ്റുകളിലാണ് തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം ഉൾപ്പെടുത്തി(ഇലക്ട്രിക് പോസ്റ്റ് നമ്പർ,സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കിന്റെ തരം) രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള എല്ലാ പോസ്റ്റുകളിലും കെ.എസ്.ഇ.ബി മുഖേന പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ പ്ലേറ്റുകൾ പതിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല. പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ പ്ലേറ്റുകൾ പതിപ്പിച്ച ശേഷം ഓരോ വാർഡിലേയും ജനപ്രതിനിധികളും

ഉദ്യോഗസ്ഥരും സംയുക്തമായി ഇത് സംബന്ധിച്ച സർവ്വേ റിപ്പോർട്ട് തയ്യാറാക്കി രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

2. മെയിന്റനൻസിന് മുമ്പ് ഓരോ വാർഡിലും കേടായ തെരുവു വിളക്കുകളുടെ വിവരം (ഇലക്ട്രിക് പോസ്റ്റ് നമ്പർ, കേടായ വിളക്കുകളുടെ വിവരം) കെ.എസ്.ഇ.ബി യിലെ അസി സ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാങ്ങിയിട്ടില്ല. തെരുവു വിളക്കുകളുടെ ആവശ്യകത നിർണ്ണയിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

3. മെയിന്റൻസിന് ശേഷം വിവിധ വാർഡുകളിൽ കേടായ തെരുവ് വിളക്കുകൾ നന്നാക്കിയതിന്റെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി-യിലെ അസ്സി.എഞ്ചിനീയറിൽ നിന്നും വാങ്ങിയിട്ടില്ല. കരാറുകാരൻ കൈപ്പറ്റിയ തെരുവ് വിളക്കുകൾ, സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമാണ് ഫയലിൽ ഉള്ളത്.

തെരുവ് വിളക്ക് സ്ഥാപിക്കുന്നതിലെ സുതാര്യത ഉറപ്പുവരുത്തി പദ്ധതി നിർവ്വഹണം കൃത്യമാക്കുന്നതിന് മേൽ സൂചിപ്പിച്ച ശുപാർശകൾ വിശകലനം ചെയ്ത് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പത്രപ്പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ (അച്ചടി) 01/04 ഐ ആന്റ് പി ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം പരസ്യങ്ങൾക്ക് അധികച്ചെലവ് ഉണ്ടായതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ ഇനം, പത്രത്തിന്റെ പേര് | നിരക്ക് | പരസ്യത്തിന്റെ അളവ് | ചെലവായ തുക,ചെക്ക് നമ്പർ/ തീയതി | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 2019-20 വാർഷിക പദ്ധതിയിൽപ്പെട്ട് പഞ്ചായത്ത് ഓഫീസിലേക്ക് സെക്രട്ടറി, ഐ സി ഡി എസ് സൂപ്പർവൈസർ,ഹെഡ്മിസ്ട്രസ്, കൃഷി ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ, ഹോമിയോ മെഡിക്കൽ ഓഫീസർ, എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ടെണ്ടർ ക്ഷണിക്കൽ<br>ദേശാഭിമാനി | 230/ ച.സെ.മീ | 5X8 | (5X8)X230=9200 | (8X3)X230=5520 | 3284.4 |
| | | | | (-)ട്രേഡ് ഡിസ്കൗണ്ട്- 15%- 1380 | (-)ട്രേഡ് ഡിസ്കൗണ്ട്- 15%- 828 | |
| | | | | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -7820 | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4692 | |
| | | | | (+)ജി.എസ്സ്.ടി- 5%-391 | (+).ജി.എസ്സ്.ടി- 5%-243.6 | |
| | | | | ന്ലകിയ തുക - 8211 | നല്കേണ്ട തുക – 4926.6 | |
| | | | | (-)ട്രേഡ് ഡിസ്കൗണ്ട്- (3.8X7)X315= 8379 | (-)ട്രേഡ് ഡിസ്കൗണ്ട്- 15%- (8X3)X315=7560 | |
| | | | | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -5981 | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-5640 | |
| | | | | (+)ജി.എസ്സ്.ടി- 5%- 330.56 | (+)ജി.എസ്സ്.ടി- 5%-282 | |
| | | | | ന്ലകിയ തുക – 6564 | നല്കേണ്ട തുക – 5358 | |
| 2 | 2019-20 വാർഷിക പദ്ധതിയിൽപ്പെട്ട് പഞ്ചായത്ത് ഓഫീസിലേക്ക് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ടെണ്ടർ/ റീടെണ്ടർ ക്ഷണിക്കൽ<br>മലയാള മനോരമ | 550/ ച.സെ.മീ | 8X5 | (8X5)X550= 22000 | (8X3)X550= 13200 | 3948 |
| | | | | (-)ട്രേഡ് ഡിസ്കൗണ്ട്- (8X5)X315= 12600 | (-)ട്രേഡ് ഡിസ്കൗണ്ട്- (8X3)X315=7560 | |
| | | | | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -9400 | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-5640 | |
| | | | | (+)ജി.എസ്സ്.ടി- 5%- 470 | (+)ജി.എസ്സ്.ടി- 5%- 282 | |
| | | | | ന്ലകിയ തുക – 9870 | നല്കേണ്ട തുക – 5922 | |
| 3 | 2019-20 വാർഷിക പദ്ധതിയിൽപ്പെട്ട് പഞ്ചായത്ത് ഓഫീസിലേക്ക് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ടെണ്ടർ/ റീടെണ്ടർ ക്ഷണിക്കൽ<br>ദേശാഭിമാനി | 230/ ച.സെ.മീ | 4X8 | (4X8)X230= 7360 | (8X3)X230=5520 | 1015.5 |
| | | | | (-)ട്രേഡ് ഡിസ്കൗണ്ട്- 15%= 1104 | (-)ട്രേഡ് ഡിസ്കൗണ്ട്- 15%=828 | |
| | | | | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -6569 | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1430 | |
| | | | | (+)ജി.എസ്സ്.ടി- 5%- 312.8 | (+)ജി.എസ്സ്.ടി- 5%- 71.5 | |
| | | | | ന്ലകിയ തുക – 2374 | നല്കേണ്ട തുക – 1358.5 | |

ഭാവിയിൽ വിൻഡോ പരസ്യങ്ങൾ നൽകുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഈയിനത്തിലുള്ള അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്.

## 1-22 വെള്ളക്കരം കുടിശ്ശിക പഞ്ചായത്തിന് ബാദ്ധ്യതയാകുന്നു

പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയായതിനാൽ ഫൈൻ ഇനത്തിൽ വൻതുകയാണ് പഞ്ചായത്തിന് പ്രതിമാസം നഷ്ടമായിക്കൊണ്ടിരിക്കുന്നത്. 250 പൊതു ടാപ്പുകൾക്ക് പ്രതിമാസ നിരക്ക് 109813 രൂപയാണ്

അടവാക്കേണ്ടത്. നിലവിൽ ബില്ല് പ്രകാരമുള്ള പ്രതിമാസ ഡിമാൻഡ് മാത്രമാണ് പഞ്ചായത്ത് അടവാക്കി വരുന്നത്. മുൻ കുടിശ്ശികയും അതിനോടൊപ്പമുള്ള പ്രതിമാസം ഫൈനും കൂടുന്നുണ്ടെങ്കിലും കുടിശ്ശിക അടച്ചു തീർക്കുവാൻ പഞ്ചായത്ത് 2019-20 ൽ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. ഏപ്രിൽ 2019 ൽ കുടിശ്ശിക 5648183 രൂപയായിരുന്നത് മാർച്ച് 2020 ൽ 6405199 രൂപയായി ഉയർന്നു. ഫൈൻ ഇനത്തിൽ തന്നെ 757016 രൂപയുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയക്ക് (നം.8/26.03.21) മറുപടിയായി 2020-21 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 15 ലക്ഷം രൂപ പദ്ധതി വെച്ച് കുടിശ്ശിക അടവാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി തുക കൊണ്ട് കുടിശ്ശികയുടെ ചെറിയ ഒരു ഭാഗം മാത്രമേ അടവാകുന്നുള്ളു. കുടിശ്ശിക പൂർണ്ണമായും അടവാക്കുവാൻ അടിയന്തിര നടപടികൾ കൈക്കൊണ്ടില്ലായെങ്കിൽ ഇത് സമീപ ഭാവിയിൽ തന്നെ പഞ്ചായത്തിന് വൻ ബാദ്ധ്യതയാണ് വരുത്തി വയ്ക്കുന്നത്. ആയതിനാൽ കുടിശ്ശിക തീർപ്പാക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും അടിയന്തിരമായി കൈക്കൊള്ളേണ്ടതും പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

### 1-23 എൻ.ആർ.ഇ.ജി.എസ്എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾക്കായി 531020 രൂപ അഡ്വാൻസ് ചെയ്തിട്ടുണ്ട്. മുൻ അഡ്വാൻസിൽ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കിനിൽക്കുന്ന 240490 രൂപയുൾപ്പെടെ 2019-20 ൽ ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന ആകെ അഡ്വാൻസ് തുക 771510 രൂപയാണ്. ഈ തുക പൂർണ്ണമായും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

### 1-24 പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് **274630** രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. നിലവിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര്/<br>വകയിരുത്തിയ തുക/ ഫണ്ട് | 9/20 പാലിയേറ്റീവ് കെയർ<br>800000<br>വികസനഫണ്ട്<br>(പൊതുവിഭാഗം)-500000<br>ജില്ലാപഞ്ചായത്ത് വിഹിതം -300000 |
| കെ.എം.എസ്.സി.എൽ.ന് നൽകിയ തുക/<br>ബിൽ നം./തീയതി | 100000-19050928005700872058/13.01.2020<br>39381 - 19050952012701619544/30.03.2020<br>135249–<br>19050952012701359343/31.03.2020<br>**274630** |
| ലഭിച്ച മരുന്നുകളുടെ വില | 94114 |
| ലഭിക്കാൻ അവശേഷിക്കുന്ന<br>മരുന്നുകളുടെ വില | 180516 |

പാലിയേറ്റീവ് കെയർ പ്രോജക്ടിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 100000 | നെൽകൃഷി വികസനം | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 42500 | പച്ചക്കറി കൃഷിക്ക് ചെലവ് സബ്സിഡി. | 42500 | 0 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 2000000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം | 0 | 2000000 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 876624 | ലൈഫ് മിഷൻ മൂന്നാം ഘട്ടം | 0 | 876624 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 600000 | ലൈഫ് ഭവനനിർമ്മാണം മൂന്നാം ഘട്ടം (എസ് സി ) | 103400 | 496600 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 154000 | ലൈഫ് ഭവനനിർമ്മാണം മൂന്നാം ഘട്ടം (എസ് സി ) | 0 | 154000 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 12000 | 88000 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 200000 | അംഗൻവാടി അനുപൂരകപോഷകാഹാര പരിപാടി | 100000 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 100000 | വൃദ്ധർക്ക് കട്ടിൽ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 66500 | ലൈഫ് ഭവനനിർമ്മാണം മൂന്നാം ഘട്ടം (റ്റി എസ് പി) | 0 | 66500 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 253000 | എൻ.എസ് എസ്. എച്ച്. എസ്. എസ് ഈസ്റ്റ് റ്റി പി എം റോഡ് കോൺക്രീറ്റ് | 253000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 120000 | എൻ.എസ് എസ്. എച്ച്. എസ്. എസ് പേഴ്ത്തമാങ്കൽപടി റോഡ് കോൺക്രീറ്റ് | 71700 | 48300 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 100000 | കല്ലുറുമ്പിൽപ്പടി- കനാൽറോഡ് ആശാൻ സ്കൂൾ വരെ റോഡ് കോൺക്രീറ്റ് | 99695 | 305 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 200000 | മുണ്ടത്താനത്തേപ്പടി വേലൻപടി റോഡ് കോൺക്രീറ്റ് | 195970 | 4030 |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 100000 | ഒമ്പതാം വാർഡിലെ അംഗൻവാടി മെയിന്റനൻസ് | 89874 | 10126 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 1000000 | 14ാം വാർഡിലെ അംഗൻവാടി കെട്ടിടനിർമ്മാണം | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 1000000 | എസ് സി കോളനിക്ക് സാംസ്കാരിക നിലയം നിർമ്മാണം | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 240000 | പാലിന് സബ്സിഡി | 0 | 240000 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 100000 | അഗതി രഹിതകേരളം, ആശ്രയ പദ്ധതി | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 167/20 സ്ട്രീറ്റ് ഗ്രാമ പ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ലൈൻ എക്സ്റ്റൻഷൻ | 82128 | 82818 | 0 |
| കെ.എസ്.ഇ.ബി | 256/20 നാലാം വാർഡിലെ വിവിധ ഭാഗങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ലൈൻ എക്സ്റ്റൻഷൻ | 191160 | 191160 | 0 |
| കെ.എസ്.ഇ.ബി | 272/20 – ചെറുകരപടി വെള്ളുവാളിപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 0 | 0 | പ്രൊജക്റ്റ് നം 143/20-21, 2020-21 വർഷം പദ്ധതിനടപ്പാക്കി 75208 |
| കെ.എസ്.ഇ.ബി | 295/20 – 10ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 0 | 0 | പ്രൊജക്റ്റ് നം 30/20-21, 2020-21 വർഷം പദ്ധതിനടപ്പാക്കി 633424 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ പദ്ധതി (ഹഡ്കോ) | | 5125735 | 5125735 | 0 | 183824 | 4941911 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 1.1(1) | 2010-11 | | മരാമത്ത് പണികളിലെ അപാകതകൾ സംബന്ധിച്ച് | പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിച്ചിട്ടിണ്ട് |
| 2004-05 | 1.11 | 2010-11 | | നികുതികളും നികുതി വിഹിതങ്ങളും അടയ്ക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 2016-17 | 2.1 | 2017-18 | | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തീർപ്പാക്കിയിട്ടില്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 64230904 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46406681 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1994-95 &1995-96 | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | 5 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 30.09.00 | 2 |
| 1997-98(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-822/07 തീയതി 13.05.08 | 2 |
| 1997-98(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-275/99 തീയതി 13.03.00 | 7 |
| 1997-98(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-523/98 തീയതി 06.02.99 | 3 |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-823/07 തീയതി 13.05.08 | 1<br>ഡെപ്യൂട്ടി ഡയറക്ടർ<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>പത്തനംതിട്ട |
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-179/00 തീയതി 13.04.00 | 12 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-883/01 തീയതി 15.11.02 | 1 |
| 1999-00(ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി7-550(A)/09 തീയതി 04.12.09 | 2 |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | 1 |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-23/06 തീയതി 12.05.06 | 5 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-88/04 തീയതി 03.01.04 | 3 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-704/06 തീയതി 07.02.07/10.05.07 | 15 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7-553/09 തീയതി 27.02.10/01.03.11 | 16 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7-554/09 തീയതി 27.02.10/01.03.11 | 15 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി7-555/09 തീയതി 27.02.10/03.03.11 | 8 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി7-556/09 തീയതി 27.02.10/13.08.11 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി7-557/09 തീയതി 27.02.10/03.03.11 | 10 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി8-1153/14 തീയതി 22.12.14 | 4 |
| 2013-14 &2014-15 | കെ.എസ്.എ പി.റ്റി.എ-പി8/876/15 തീയതി 13-10-15/15-10-15 | 5 |
| 2015-16 | കെ.എസ്.എ പി.റ്റി.എ-പി8/1196/16 തീയതി 05-11-16 | 3 |
| 2016-17 | കെ.എസ്.എ പി.റ്റി.എ-പി8/832/2017 തീയതി 17.07.17 | 21 |
| 2017-18 | കെ.എസ്.എ പി.റ്റി.എ-പി8/100/2019 തീയതി 01.03.2019 | 9 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി8/1010/2019 തീയതി.10.12.2019 | 6 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്